സി.പി(3)2079/2022

സഹകരണ സംഘം രജിസ്ട്രാർ ഓഫീസ്
ജവഹർ സഹകരണ ഭവൻ
തിരുവനന്തപുരം, തീയതി: 12.07.2022
വെബ് സൈറ്റ്-www.cooperation.kerala.gov.in:
ഇ-മെയിൽ- keralarcs.coop@kerala.gov.in
ടെലിഫോൺ 0471-2330726/2331891

## സർക്കുലർ നമ്പർ: 32/2022

വിഷയം:- സഹകരണ വകുപ്പ് ആഡിറ്റ് 2021-22-- കോവിഡ് 19 രോഗവ്യാപന പശ്ചാത്തലത്തിൽ കുടിശ്ശിക വായ്പ, കുടിശ്ശിക വായ്പാപലിശ എന്നിവകളിലെ കരുതൽ വയ്ക്കുന്നതിൽ ഇളവ് നൽകുന്നത് സംബന്ധിച്ച്

സൂചന:-
1. സഹകരണ സംഘം രജിസ്ട്രാറുടെ 10.10.2007 തീയതിയിലെ 40/2007 നമ്പർ സർക്കുലർ
2. സഹകരണ സംഘം രജിസ്ട്രാറുടെ 08.05.2020 തീയതിയിലെ 34/2020 നമ്പർ സർക്കുലർ
3. സഹകരണ സംഘം രജിസ്ട്രാറുടെ 27.8.2021 തീയതിയിലെ 37/2021 നമ്പർ സർക്കുലർ
4. സഹകരണ ആഡിറ്റ് ഡയറക്ടറുടെ 13.06.2022 തിയതിയിലെ എ ഡി (3) 313/2022 നമ്പർ കത്ത്

കോവിഡ്-19 രോഗവ്യാപനവും തുടർന്നുള്ള സമ്പൂർണ്ണ അടച്ചിടലും സംസ്ഥാനത്തിന്റെ ഉത്പാദന വ്യാപാരമേഖലകളിൽ ഉണ്ടാക്കിയിട്ടുള്ള ആഘാതം, സംസ്ഥാനത്തെ വായ്പാ സഹകരണ സംഘങ്ങളിലെ വായ്പ തിരിച്ചടവിൽ വലിയ കുറവ് ഉണ്ടാകുകയും, വായ്പാകുടിശ്ശികയും വായ്പകളിന്മേലുള്ള പലിശ കുടിശ്ശികയും വലിയ രീതിയിൽ വർദ്ധിക്കുകയും, കുടിശ്ശിക വായ്പയും, കുടിശ്ശികപലിശയും നിലവിലെ മാനദണ്ഡപ്രകാരം ആഡിറ്റിൽ കരുതൽ വയ്ക്കുമ്പോൾ ടി സംഘങ്ങൾ ഭീമമായ നഷ്ടത്തിലാവുകയും ചെയ്യുന്ന സാഹചര്യത്തിൽ സംസ്ഥാനത്തെ സഹകരണമേഖലയിൽ ഉണ്ടാക്കുന്ന കടുത്ത സാമ്പത്തിക പ്രതിസന്ധിയുടെ രൂക്ഷത കുറയ്ക്കുന്നതിന് 2019-20, 2020-21 സാമ്പത്തിക വർഷത്തെ ആഡിറ്റിൽ കുടിശ്ശിക വായ്പയും, വായ്പയിന്മേലുള്ള കുടിശ്ശിക പലിശയും കരുതൽ വയ്ക്കുന്നത് സംബന്ധിച്ച മാനദണ്ഡങ്ങൾ പുനർനിശ്ചയിച്ച് 40/2007 നമ്പർ സർക്കുലർ വ്യവസ്ഥകൾക്ക് ഇളവ് അനുവദിച്ച് സൂചന (2), (3) പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു.

2021-22 സാമ്പത്തിക വർഷത്തിലും കോവിഡ് വ്യാപനം കണക്കിലെടുത്ത് 2021-22 സാമ്പത്തിക വർഷത്തെ ആഡിറ്റിൽ കുടിശിക വായ്പയും പലിശയും കരുതൽ വയ്ക്കുന്നതിൽ ഇളവുകൾ അനുവദിക്കണമെന്ന് സഹകാരികൾ

ആവശ്യപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ 40/2007 നമ്പർ സർക്കുലറിൽ നിലവിലെ സാമ്പത്തികാവസ്ഥയ്ക്ക് അനുസൃതമായി വ്യവസ്ഥകളിൽ മാറ്റം വരുത്തി 2021-22 സാമ്പത്തിക വർഷത്തേയ്ക്കുകൂടി ഇളവുകൾ അനുവദിക്കാവുന്നതാണെന്ന് സഹകരണ ആഡിറ്റ് ഡയറക്ടർ അഭിപ്രായപ്പെടുകയും ആയതിന്റെ അടിസ്ഥാനത്തിൽ സഹകരണസ്ഥാപനങ്ങളുടെ വിശ്വാസ്യത നിലനിർത്തുന്നതിന് 2021-22 വർഷത്തെ ആഡിറ്റിൽ കുടിശ്ശിക വായ്പയ്ക്കും, വായ്പയിന്മേലുള്ള കുടിശ്ശിക പലിശയ്ക്കും കരുതൽ വയ്ക്കുന്നതിൽ ചുവടെ പറയും പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു

1) ആൾജാമ്യത്തിൽ നൽകിയിട്ടുള്ള 1 വർഷം മുതൽ 3 വർഷം വരെയുള്ള കുടിശ്ശികയായ വായ്പകൾക്ക് നിഷ്കർഷിച്ചിരുന്ന 10% കരുതൽ 7.5% ആയി കുറവ് വരുത്തി ആഡിറ്റ് പൂർത്തീകരിക്കേണ്ടതാണ്.
2) വസ്തുജാമ്യത്തിൽ നൽകിയിട്ടുള്ള 3 വർഷം മുതൽ 6 വർഷം വരെയുള്ള കുടിശ്ശികയായ വായ്പകൾക്ക് നിലവിൽ നിഷ്കർഷിച്ചിരുന്ന 50% കരുതൽ 30 % ആയി കുറവ് വരുത്തി ആഡിറ്റ് പൂർത്തീകരിക്കേണ്ടതാണ്.
3) ആൾജാമ്യത്തിൽ നൽകിയിട്ടുള്ള 3 വർഷം മുതൽ 6 വർഷം വരെയുള്ള കുടിശ്ശികയായ വായ്പകൾക്ക് നിഷ്കർഷിച്ചിരുന്ന 100% കരുതൽ 80% ആയി കുറവ് വരുത്തി ആഡിറ്റ് പൂർത്തീകരിക്കേണ്ടതാണ്.
4) കുടിശ്ശിക പലിശയ്ക്ക് 100% കരുതൽ വയ്ക്കണമെന്ന് സൂചന (1) സർക്കുലറിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ 2021-22 വർഷത്തെ അവസാനത്തെ 3 മാസത്തെ കുടിശ്ശിക പലിശയെ കരുതൽ വയ്ക്കുന്നതിൽ നിന്നും ഒഴിവാക്കേണ്ടതാണ്.
5) 2021-22 വർഷത്തെ ആഡിറ്റിൽ വായ്പാ കുടിശ്ശികയ്ക്കും വായ്പയിന്മേലുള്ള പലിശ കുടിശ്ശികയ്ക്കും കരുതൽ വയ്ക്കുന്നതിൽ അനുവദിച്ചിട്ടുള്ള മേൽ പരാമർശിക്കുന്ന ഇളവുകൾ സൂചന (1) സർക്കുലർ പ്രകാരം കരുതൽ വയ്ക്കുന്നതുകൊണ്ട് മാത്രം 2021-22 വർഷം നഷ്ടം കാണിക്കുന്ന സംഘങ്ങൾക്ക് ബാധകമാക്കേണ്ടതും, അപ്രകാരമല്ലാത്ത സംഘങ്ങൾക്ക് സൂചന (1) സർക്കുലർ മാനദണ്ഡങ്ങൾ തന്നെ തുടരേണ്ടതുമാണ്.

സംസ്ഥാനത്തെ സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിൽ വരുന്നതും, ബാങ്കിംഗ് റഗുലേഷൻ ആക്ടിന്റെ പരിധിയിൽ

വരാത്തതുമായ എല്ലാ സഹകരണ സംഘങ്ങൾക്കും,എല്ലാത്തരം വായ്പകൾക്കും മേൽ വ്യവസ്ഥകൾ ബാധകമാക്കാവുന്നതാണ്.

2021-22 വർഷത്തെ ആഡിറ്റ്, മേൽ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് പൂർത്തീകരിക്കേണ്ടതാണ്. ആഡിറ്റ് റിപ്പോർട്ട് അംഗീകരിക്കുന്ന ഉദ്യോഗസ്ഥർ ഈ വ്യവസ്ഥകൾ പാലിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

ഒപ്പ്
ALEX VARGHEESE IAS
REGISTRAR OF CO-OPERATIVE SOCIETIES

പകർപ്പ്:-

1. സഹകരണസംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്.
2. സഹകരണ ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
3. എല്ലാ അഡീഷണൽ രജിസ്ട്രാർമാരുടെ മേശപ്പുറത്ത്.
4. എല്ലാ സഹകരണസംഘം ജോയിന്റ് രജിസ്ട്രാർ(ജനറൽ) മാർക്കും.
5. എല്ലാ സഹകരണസംഘം ജോയിന്റ് ഡയറക്ടർ(ആഡിറ്റ്) മാർക്കും.
6. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ)/ അസിസ്റ്റന്റ് ഡയറക്ടർ(ആഡിറ്റ്) മാർക്കും (ജോയിന്റ് രജിസ്ട്രാർ(ജനറൽ)/ ജോയിന്റ് ഡയറക്ടർ(ആഡിറ്റ്) മുഖേന) .
7. എല്ലാ പ്രാഥമിക സഹകരണ സംഘങ്ങൾ/ ബാങ്കുകൾക്കും, (ജോയിന്റ് രജിസ്ട്രാർ(ജനറൽ) മുഖേന).
8. എഡിറ്റർ, സഹകരണ വീഥി (പ്രസിദ്ധീകരണത്തിന് ).
9. വെബ് സൈറ്റ്.
10. സ്റ്റോക്ക് ഫയൽ.

// ആജ്ഞാനുസരണം //

അസിസ്റ്റന്റ് രജിസ്ട്രാർ (സി.പി )